പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ മോഡൽ റസിഡൻഷ്യൽ സ്കൂൾ

143 [1948] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ തുടങ്ങുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിച്ചപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പട്ടികജാതി വകുപ്പിന്റെ കീഴിൽ എം. ആർ. എസ്സുകൾ ഇപ്പോൾ നിലവിലില്ലാത്ത ജില്ലകളിൽകൂടി അവ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വയനാട്, പത്തനംതിട്ട ജില്ലകളിൽ എം. ആർ. എസ്. തുടങ്ങുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.

ഗൈഡ് വിതരണം

144 [1949] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അദ്ധ്യയനവർഷം പത്താം ക്ലാസിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ കുട്ടികൾക്കായി ഗൈഡ് വിതരണം ചെയ്തതിൽ എത്ര രൂപ ചെലവഴിച്ചു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) എത്ര ഗൈഡുകൾ വിതരണം നടത്തിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഗൈഡ് വിതരണം ചെയ്തിട്ടില്ല. കഴിഞ്ഞ വർഷം പത്താംക്ലാസിൽ പഠിച്ചിരുന്ന പട്ടിജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി റാങ്ക് ഫയൽ വാങ്ങി വിതരണം ചെയ്തിരുന്നു. പട്ടികജാതി വികസന വകുപ്പിലും പട്ടികവർഗ്ഗ വികസന വകുപ്പിലുമായി 69,22,032 രൂപ ചെലവഴിച്ചിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിൽ പണം ചെലവഴിച്ചിട്ടില്ല.

(ബി) പട്ടികജാതി വികസന വകുപ്പ് വിവിധ ജില്ലകളിലായി റാങ്ക് ഫയലിന്റെ 28690 കോപ്പിയും പട്ടികവർഗ്ഗ വികസന വകുപ്പ് 3279 കോപ്പിയും വിതരണം നടത്തി.

LIBRARY ARCHIVES Kerala Legislative Assembly